**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **16-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണത്തോടനുബന്ധിച്ച് റേഷൻകാർഡ് ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2025 ഓണത്തോടനുബന്ധിച്ച് റേഷൻ കാർഡ് ഉടമകൾക്ക് നൽകിയ സ്പെഷ്യൽ അരിയുടെ അളവും നിരക്കും ചുവടെ ചേർക്കുന്നു.<br>PHH കാർഡ് -- നോർമൽ വിഹിതത്തിന് പുറമെ ഒരു കാർഡിന് 5 കി. ഗ്രാം അരി Rs.10.90/- നിരക്കിൽ നൽകി.<br>NPS കാർഡ് - നോർമൽ വിഹിതത്തിന് പുറമെ ഒരു കാർഡിന് 10 കി. ഗ്രാം അരി Rs.10.90/- നിരക്കിൽ നൽകി.<br>NPNS കാർഡ് - നോർമൽ വിഹിതം 15 കി. ഗ്രാം ആയി വർദ്ധിപ്പിച്ച് Rs.10.90/-നിരക്കിൽ അരി നൽകി.<br><br>ഓഗസ്റ്റ് മാസമാണ് ടി വിഹിതം നൽകിയത്. കൂടാതെ എല്ലാ AAY റേഷൻ കാർഡ് ഉടമകൾക്കും, വെൽഫയർ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 4 പേർക്ക് 1 കിറ്റ് എന്ന നിലയിലും സൗജന്യ ഭക്ഷ്യ കിറ്റും വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | 2025 ആഗസ്റ്റ് മാസം എത്ര ഉപഭോക്താക്കൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ടെന്നുള്ള വിവരങ്ങൾ കാർഡിന്റെ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2025 ആഗസ്റ്റ് മാസം 86.77% ഉപഭോക്താക്കൾ റേഷൻ വിഹിതം കൈപ്പറ്റി. വിശദ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | ഈ വർഷം ഓണത്തോടനുബന്ധിച്ച് എത്ര ഉപഭോക്താക്കൾ സപ്ലൈകോയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും എത്ര കോടി രൂപയുടെ വിപണനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഈ വർഷം ഓണത്തോടനുബന്ധിച്ച് 56,73,367 ഉപഭോക്താക്കൾ സപ്ലൈകോയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.<br>ഓണത്തോടനുബന്ധിച്ച് 386 കോടിയുടെ വിപണനം നടത്തിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ സപ്ലൈകോയുടെ മൊത്തം വിറ്റു വരവ് എത്രയാണെന്നും ഇത്തവണ എത്ര കോടി രൂപയുടെ വരവ് പ്രതീക്ഷിക്കുന്നുണ്ടെന്നും | (ഡി) | കഴിഞ്ഞ 5 വർഷക്കാലത്തെ സപ്ലൈകോയുടെ മൊത്തം വിറ്റുവരവ് അനുബന്ധം ആയി ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിലേക്കായി എന്തൊക്കെ സെയിൽസ് പ്രമോഷൻ സ്കീംസ് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | | 2025-26 സാമ്പത്തിക വർഷത്തിൽ 5000 കോടി രൂപയുടെ വിറ്റുവരവ് പ്രതീക്ഷിക്കുന്നു.<br><br>1.ഈ ഓണക്കാലത്ത് എല്ലാ വിൽപ്പനശാലകളിൽ നിന്നും 1000/- രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്കായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നറുക്കെടുപ്പും സമ്മാനപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ഓണം ഫെയറുകളിൽ നിന്നും 500/- രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്കായി പ്രതിദിന നറുക്കെടുപ്പ് നടത്തി സമ്മാനം വിതരണം ചെയ്തിട്ടുണ്ട്.<br><br>2. 1225/ രൂപ MRP/പൊതു വിപണി വിലയുള്ള സമൃദ്ധി കിറ്റ് 1000/- രൂപയ്ക്കും 625/- രൂപ MRP/ പൊതു വിപണി വിലയുള്ള മിനി സമൃദ്ധി കിറ്റ് 500/- രൂപയ്ക്കും 305/- രൂപ MRP/പൊതു വിപണി വിലയുള്ള ശബരി സിഗ്നേച്ചർ കിറ്റ് 229/- രൂപയ്ക്കും നൽകി വരുന്നു. ടി ആനുകൂല്യം ഒക്ടോബർ 31-ാം തീയതിവരെ നിലവിലുണ്ടായിരിക്കുന്നതാണ്.<br><br>3. ഹാപ്പി അവേഴ്സ് എന്ന പേരിൽ ഓണത്തിന് മുന്നോടിയായി ദിവസവും 2 മണി മുതൽ 4 മണിവരെയും, ഉത്രാട ദിനം മുഴുവനും സബ്സിഡി ഇതര ഉൽപ്പന്നങ്ങൾക്ക് 10% വരെ ഡിസ്കൗണ്ട് ആനുകൂല്യവും നൽകിയിരുന്നു.<br><br>4. സെപ്റ്റംബർ 3, 4 തീയതികളിൽ ഓണത്തോടനുബന്ധിച്ച് 1500 രൂപയോ അതിനു മുകളിലോ നോൺ സബ്സിഡി സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 339/- രൂപ നിരക്കിൽ സബ്സിഡി വെളിച്ചെണ്ണ അധികമായി നൽകിയിരുന്നു.<br><br>5. ഈ ഓണക്കാലത്ത് 250-ൽ അധികം നിത്യോപയോഗ സാധനങ്ങൾ 50% വരെ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് നോൺ സബ്സിഡി ഉൽപ്പന്നങ്ങൾക്ക് വമ്പിച്ച തോതിലുള്ള ഡിസ്കൗണ്ട് ആനുകൂല്യവും നൽകി വരുന്നു.<br><br>മേൽ വിവരിച്ചിരിക്കുന്ന സെയിൽസ് പ്രൊമോഷന്റെ ഫലമായി ഇത്തവണത്തെ ഓണക്കാലത്ത് സപ്ലൈകോയ്ക്ക് വൻതോതിലുള്ള വിറ്റുവരവ് നേടിയെടുക്കാൻ സാധിച്ചു. |
| (ഇ) | പൊതു വിപണി പരിശോധനകൾ വകുപ്പിൽ കാര്യക്ഷമമാണോ; വിശദമാക്കാമോ; വില വിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ പേരിലും അമിതവില | (ഇ) | പൊതുവിപണി പരിശോധനകൾ വകുപ്പിൽ കാര്യക്ഷമമാണ്. പരിശോധനകൾ മൂലം കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, പൊതുവിപണി വിലവിവരപ്പട്ടിക |

| | | | |
|---|---|---|---|
| | ഈടാക്കുന്നതിന്റെ പേരിലും എത്ര സ്ഥാപനങ്ങൾക്ക് നേരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | | പ്രദർശിപ്പിക്കാതിരിക്കുക, അമിതവില ഈടാക്കൽ, പഴകിയതും കാലാവധി കഴിഞ്ഞതുമായ ഭക്ഷ്യസാധനങ്ങളുടെ വിൽപ്പന തുടങ്ങിയ ക്രമക്കേടുകൾ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസർമാരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിങ് ഇൻസ്പെക്ടർമാർ എന്നിവരും എല്ലാ മാസവും പൊതു വിപണി പരിശോധന നടത്താറുണ്ട്. കൂടാതെ ഉത്സവ നാളുകൾക്കു മുന്നോടിയായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതു വിതരണത്തെ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാ/ താലൂക്ക് തലത്തിൽ സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പൊതു വിപണി പരിശോധന നടത്തി വരുന്നു.<br><br>വില വിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ പേരിലും അമിത വില ഈടാക്കുന്നതിന്റെ പേരിലും സംസ്ഥാനത്തു 3262 സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | കഴിഞ്ഞ അഞ്ചു വർഷക്കാലം വിപണി ഇടപെടലിലേക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | (എഫ്) | കഴിഞ്ഞ അഞ്ചു വർഷക്കാലം വിപണി ഇടപെടലിനായി കോവിഡ് കിറ്റുകൾ ഉൾപ്പെടെ 67,39,46,30,000/- (ആറായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊൻപത് കോടി നാല്പത്തിയാറ് ലക്ഷത്തി മുപ്പതിനായിരം രൂപ) സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| AAY | PHH | NPS | NPNS | NPI |
|---|---|---|---|---|
| 582193 | 3476896 | 19937382 | 2245714 | 13256 |

| ക്രമ നം. | സാമ്പത്തിക വർഷം | വിറ്റുവരവ് |
|---|---|---|
| 1 | 2020-21 | 6264.80 കോടി |
| 2 | 2021-22 | 6315.23 കോടി |
| 3 | 2022-23 | 5304.48 കോടി |
| 4 | 2023-24 | 4270.97 കോടി |
| 5 | 2024-25 നാളിത് വരെ | 3004.22 കോടി |